<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1637**</u> <u>**05-07-2022 - ൽ മറുപടിയ്ക്ക്**</u>

<u>**അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്പനി**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നടപ്പു വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്പനിയുടെ ഉദ്ദേശ്യങ്ങൾ, ലക്ഷ്യങ്ങൾ, ഘടന, പ്രവർത്തനരീതി എന്നിവ എപ്രകാരം ആണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (എ) | ബഹു. ധനമന്ത്രിയുടെ 2022-23 ലെ ബജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 72 പ്രകാരം അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്പനിയല്ല ഒരു മാർക്കറ്റിംഗ് കമ്പനിയാണ് പ്രഖ്യാപിച്ചിട്ടുള്ളത് . കേരളത്തിൽ ഉത്പാദിപ്പിക്കുന്ന കാർഷികവിളകളിൽ നിന്നും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് സ്ഥിരമായ വിപണന സംവിധാനം ഒരുക്കുന്നതിനും അന്താരാഷ്ട്ര വിപണികൾ ഉൾപ്പെടെയുള്ള മാർക്കറ്റുകളിൽ വിപണനം നടത്തുന്നതിനുമുള്ള ഒരു ഏകോപിത സംവിധാനമായി കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ) രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.കമ്പനിയുടെ ഉദ്ദേശങ്ങൾ ,ലക്ഷ്യങ്ങൾ ,ഘടന,പ്രവർത്തനരീതി എന്നിവയിൽ തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ